"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം- ശ്രീ.റെനിൽദേവ് പി.പി, ക്ലാർക്ക്, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കാസറഗോഡ് -ന് കുടുംബശ്രീ എറണാകുളം ജില്ലാമിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

സ.ഉ.(സാധാ) നം.77/2023/LSGD തീയതി,തിരുവനന്തപുരം, 10-01-2023

---

പരാമർശം:-
1 10.05.2013 തീയതിയിലെ 42/2013 ധന നം.സർക്കുലർ
2 28.11.2013 തീയതിയിലെ സ.ഉ.(പി)580/2013/ധന
3 സ.ഉ(സാധാ) നം.355/2021/തസ്വഭവ തീയതി 09.02.2021
4. 22.09.2022-ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1472/ഇ1/2021/കെഎസ്എച്ച്ഒ നമ്പർ കത്ത്.
5. 19.12.2022-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സി3/13876/2022/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. റെനിൽദേവ് പി.പി(ക്ലാർക്ക്, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കാസറഗോഡ്) 18.02.2021 മുതൽ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്ര സേവനമനുഷ്ഠിച്ചു വരുന്നു.

2. ശ്രീ. റെനിൽദേവ് പി.പി. കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ സർക്കാർ അനുമതി ഇല്ലാതെ(18.02.2022 മുതൽ)അന്യത്ര സേവനത്തിൽ തുടർന്ന കാലയളവ് ക്രമീകരിച്ച് നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (5)-ലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. പരാമർശം (4) പ്രകാരം ശ്രീ. റെനിൽദേവ് പി.പി-യുടെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി ജോലി നോക്കി വരുന്ന ശ്രീ റെനിൽദേവ് പി.പി, ക്ലാർക്ക്(വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കാസറഗോഡ്) - യുടെ അന്യത്ര സേവന കാലാവധി സർക്കാർ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി കേരള സർവ്വീസ് റൂൾ ഭാഗം -1 ചട്ടം 140(c) പ്രകാരമുള്ള വ്യവസ്ഥകൾക്കും നിലവിലെ ഡെപ്യൂട്ടേഷൻ സംബന്ധമായ ഉത്തരവിലെ മാനദണ്ഡങ്ങൾക്കും വിധേയമായി ദീർഘിപ്പിച്ചുകൊണ്ടും സർക്കാർ അനുമതി ഇല്ലാതെ(18.02.2022 മുതൽ) അന്യത്ര സേവനത്തിൽ തുടർന്ന കാലയളവ് ക്രമീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, കാസർഗോഡ്.
ശ്രീ.റെനിൽ ദേവ് പി.പി, ക്ലാർക്ക്(വിദ്യാഭ്യാസ ഉപഡയറക്ടർ, കാസർഗോഡ് മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(File No.IA1/208/2022-LSGD)

ഉത്തരവിൻ പ്രകാരം
**Signed by Vijitha M B**
**Date: 11-01-2023 10:58:47**
സെക്ഷൻ ഓഫീസർ